2026
July
09
THURSDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# അസംസ്കൃത എണ്ണക്ക് സൗദി അറേബ്യയുടെ ഡിസ്കൗണ്ട്

**റിയാദ്:** പശ്ചിമേഷ്യയിൽ ഭൗമരാഷ്ട്രീയ സംഘർഷങ്ങൾക്ക് അയവ് വന്നതും ആഗോളതലത്തിൽ എണ്ണ വിതരണം വർധിച്ചതും വിപണിയെ സ്വാധീനിച്ച സാഹചര്യത്തിൽ ഇന്ത്യ ഉൾപ്പെടുന്ന ഏഷ്യൻ രാജ്യങ്ങൾക്ക് അസംസ്കൃത എണ്ണ വിലയിൽ ഡിസ്കൗണ്ട് പ്രഖ്യാപിച്ച് സൗദി അറേബ്യ.



കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനിടയിലെ ഏറ്റവും വലിയ വിലക്കിഴിവാണ് സർക്കാർ ഉടമസ്ഥതയിലുള്ള എണ്ണക്കമ്പനിയായ സൗദി അരാംകോ പ്രഖ്യാപിച്ചിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനമായ സൗദി അരാംകോ ഏഷ്യയിലേക്കുള്ള ഓഗസ്റ്റ് മാസത്തെ വിതരണത്തിനായി തങ്ങളുടെ പ്രധാന എണ്ണയിനമായ അറബ് ലൈറ്റ് അസംസ്കൃത എണ്ണയുടെ ഔദ്യോഗിക വിപണന വിലയിൽ ബാരലിന് 11 ഡോളറിന്റെ വിലക്കിഴിവാണ് വരുത്തിയിരിക്കുന്നത്. ഇതോടെ ഒമാൻ/ദുബായ് മാനദണ്ഡത്തേക്കാൾ 1.50 ഡോളർ കിഴിവിലാണ് വില നിശ്ചയിച്ചിരിക്കുന്നത്.

2003 മുതലുള്ള കണക്കുകൾ പരിശോധിച്ചാൽ ചരിത്രത്തിലെ ഏറ്റവും വലിയ വിലക്കുറവാണിത്. 2020 ജൂണിന് ശേഷമുള്ള ഏറ്റവും കുറഞ്ഞ വില നിലവാരത്തിലേക്കാണ് ഇപ്പോൾ എണ്ണവില എത്തിയിരിക്കുന്നത്.

വിപണി വിദഗ്ധർ പ്രതീക്ഷിച്ചതിലും വളരെ വലിയ കുറവാണ് വിലയിൽ വരുത്തിയിരിക്കുന്നത്. ഓഗസ്റ്റിലെ ഔദ്യോഗിക വിപണന വില ബാരലിന് 1.50 ഡോളറിനും മൂന്നു ഡോളറിനും ഇടയിൽ വില അധികമായി സൗദി ഈടാക്കുമെന്നായിരുന്നു പ്രവചിച്ചത്. എന്നാൽ ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള എണ്ണ വിതരണം വർധിച്ചതോടെ സൗദിക്ക് വില വീണ്ടും കുറയ്ക്കേണ്ടി വരികയായിരുന്നു.

സൗദിയെക്കൂടാതെ ഏഷ്യൻ വാങ്ങലുകാരെ ആകർഷിക്കാനായി അബുദാബി നാഷണൽ ഓയിൽ കോർപറേഷൻ (അഡ്നോക്), ഇറാക്കിൻറെ സ്റ്റേറ്റ് ഓർഗനൈസേഷൻ ഫോർ മാർക്കറ്റിംഗ് ഓഫ് ഓയിൽ, കുവൈറ്റ് പെട്രോളിയം കോർപറേഷൻ തുടങ്ങിയ എണ്ണ ഉത്പാദകർ വിലക്കിഴിവ് വാഗ്ദാനം ചെയ്തിട്ടുണ്ട്.

പശ്ചിമേഷ്യൻ സംഘർഷം ലഘൂകരിക്കപ്പെട്ടതും ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട എണ്ണക്കടത്തു പാതയായ ഹോർമുസ് കടലിടുക്കിലൂടെയുള്ള കപ്പൽ ഗതാഗതം സാധാരണ നിലയിലേക്കെത്തിക്കൊണ്ടിരിക്കുന്നതും ആഗോള എണ്ണവിപണിയിലെ ആശങ്കകൾ ഒഴിവാക്കി.

സംഘർഷത്തെ തുടർന്ന് കുതിച്ചുയർന്ന ബ്രെൻറ് ക്രൂഡ് ഓയിൽ വില ഇപ്പോൾ ബാരലിന് 72 ഡോളറിലേക്ക് താണിട്ടുണ്ട്. എണ്ണ കയറ്റുമതി സാധാരണ നിലയിലാകുന്നതോടെ മധ്യേഷ്യയിൽനിന്നുള്ള വിതരണം ഉയരുമെന്ന് ഏഷ്യൻ എണ്ണ ശുദ്ധീകരണശാലകൾ പ്രതീക്ഷിക്കുന്നുണ്ട്.

കഴിഞ്ഞ ഞായറാഴ്ച ചേർന്ന ഒപെക് പ്ലസ് സഖ്യത്തിന്റെ യോഗം ഓഗസ്റ്റ് മുതൽ എണ്ണ ഉത്പാദനം വർധിപ്പിക്കാൻ തീരുമാനിച്ചിരുന്നു. ഹോർമുസ് കടലിടുക്ക് സാധാരണ നിലയിലാകുന്നതോടെ സൗദി അറേബ്യ, ഇറാക്ക്, കുവൈറ്റ് തുടങ്ങിയ പ്രമുഖ ഗൾഫ് രാജ്യങ്ങൾ ഉത്പാദനം കൂട്ടും. ഇത് വിപണിയിൽ എണ്ണയുടെ ലഭ്യത വർധിപ്പിക്കുകയും ഏഷ്യൻ ഉപയോക്താക്കളെ ആകർഷിക്കാൻ ഉത്പാദകർക്കിടയിൽ മത്സരം കടുപ്പിക്കുകയും ചെയ്യും.

ഏഷ്യക്ക് പുറമെ മറ്റ് മേഖലകളിലെ ഉപയോക്താക്കൾക്കും സൗദി അരാംകോ വില കുറച്ചിട്ടുണ്ട്. വടക്കുപടിഞ്ഞാറൻ യൂറോപ്പിനും വടക്കേ അമേരിക്കൻ വാങ്ങലുകാർക്കും വിലക്കുറവ് പ്രഖ്യാപിച്ചിട്ടുണ്ട്.

# പശ്ചിമേഷ്യൻ പ്രതിസന്ധികളെ അതിജീവിച്ച് വളം ഇറക്കുമതി



**മുംബൈ:** പശ്ചിമേഷ്യയിലെ ഭൗമരാഷ്ട്രീയ സംഘർഷങ്ങൾ ആഗോള വിതരണ ശൃംഖലകൾക്ക് ഭീഷണിയുയർത്തിയതോടെ, കാർഷിക മേഖലയ്ക്കായുള്ള വളം ഉറപ്പാക്കാനുള്ള ഇന്ത്യയുടെ ശ്രമങ്ങൾ വലിയ പരീക്ഷണത്തെയാണ് നേരിട്ടത്. ഈ പരീക്ഷണം രാജ്യം അതിജീവിച്ചെന്നാണ് പുറത്തുവരുന്ന വാർത്തകൾ.

രാജ്യത്ത് വളത്തിന് ക്ഷാമമുണ്ടാകുമെന്ന ആശങ്കയ്ക്ക് പരിഹാരമാകുന്നു. വളം നിർമാണത്തിനുള്ള അസംസ്കൃത വസ്തുക്കളും യൂറിയ ഉൾപ്പെടെയുള്ള വളങ്ങളുമായി 15 കപ്പലുകൾ ഇതിനകം ഹോർമുസ് കടന്ന് ഇന്ത്യയിലേക്കെത്തുകയാണ്. ഇത് രാജ്യത്തെ വളം ശേഖരം ഗണ്യമായി ഉയർത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

രാജ്യത്തേക്ക് വളങ്ങളും അസംസ്കൃത വസ്തുക്കളും എത്തിക്കാൻ നിശ്ചയിച്ചിരുന്ന 20 കപ്പലുകളിൽ 15 എണ്ണമാണ് ഹോർമുസ് കടന്നത്. ഈ കപ്പലുകളിൽ എട്ടെണ്ണത്തിൽ 3.32 ലക്ഷം ടൺ യൂറിയയാണുള്ളത്.


നാലെണ്ണത്തിലായി 2.57 ലക്ഷം ടൺ ഡിഎപി (ഡൈ അമോണിയം ഫോസ്ഫേറ്റ്), മൂന്നെണ്ണത്തിലായി 1.11 ലക്ഷം ടൺ സൾഫർ എന്നിങ്ങനെയാണുള്ളത്. ഇതിനു പുറമേ അമോണിയയും യൂറിയയും അടങ്ങിയ അഞ്ചു കപ്പലുകൾ കൂടി ഇന്ത്യയിലേക്കു വരാനിരിക്കുന്നുണ്ട്.

ഇതിലൊന്നിൽ 0.25 ലക്ഷം ടൺ അമോണിയ, ഒരെണ്ണത്തിൽ 0.45 ലക്ഷം ടൺ യൂറിയ എന്നിങ്ങനെയുണ്ട്. മറ്റു രണ്ടു കപ്പലുകളിൽ യൂറിയയും ഒരെണ്ണത്തിൽ സൾഫറും കയറ്റിക്കൊണ്ടിരിക്കുകയാണെന്ന് കേന്ദ്രസർക്കാർ വ്യക്തമാക്കുന്നു. ഈ കപ്പലുകൾ കൂടി എത്തുന്നതോടെ രാജ്യത്തെ വളം സംഭരണം കൂടുതൽ ശക്തമാകും.

വളം നിർമാണ ശാലകളിലേക്കുള്ള പ്രകൃതി വാതക വിതരണം പൂർണമായി പുനഃസ്ഥാപിച്ചതായും സർക്കാർ വൃത്തങ്ങൾ സൂചിപ്പിച്ചു. യുഎസ്ഇറാൻ യുദ്ധത്തെ തുടർന്ന് ഫാക്ടറികൾ ക്കുള്ള പ്രകൃതി വാതക വിതരണം 65 ശതമാനമായി കുറച്ചിരുന്നു. നിലവിൽ രാജ്യത്തെ യൂറിയ ഉത്പാദന കേന്ദ്രങ്ങൾ പൂർണമായി പ്രവർത്തിക്കുന്നുണ്ട്.

# ഗൂഗിൾ മാപ്പിലൂടെ ഭക്ഷണവും ഓർഡർ ചെയ്യാം; പുതിയ എഐ ഫീച്ചർ അണിയറയിൽ

**കാലിഫോർണിയ:** ഏതെങ്കിലുമൊരു സ്ഥലത്തോ റസ്റ്റോറൻറിലോ എത്തിച്ചേരാൻ വഴികാട്ടിത്തരുന്നതിനപ്പുറം, ഉപയോക്താക്കൾക്ക് ആവശ്യമുള്ള ഭക്ഷണം ഓർഡർ ചെയ്തു




നല്കാനുള്ള വലിയൊരു തയാറെടുപ്പിലാണ് സെർച്ച് ഭീമൻമാരായ ഗൂഗിൾ.

ഗൂഗിൾ മാപ്പിന്റെ ഏറ്റവും പുതിയ പതിപ്പിൽ ഇതിനായുള്ള കോഡിംഗ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നാണ് പ്രമുഖ ടെക് വെബ്സൈറ്റായ ആൻഡ്രോയിഡ് അതോറിറ്റി കണ്ടെത്തിയിരിക്കുന്നത്.

ജെമിനി എഐ സങ്കേതികവിദ്യയുടെ കരുത്തോടെ പ്രവർത്തിക്കുന്ന ആസ്ക് മാപ്സ് സംവിധാനത്തിലൂടെയാകും ഇതു സാധ്യമാകുക.

യൂബർ ഈറ്റ്സ് പോലുള്ള തേർഡ് പാർട്ടി ആപ്പുകളെ ആശ്രയിക്കാതെതന്നെ മാപ്പിലൂടെ നേരിട്ട് ഓർഡർ നല്കാനാകും എന്നതാണ് ഇതിന്റെ പ്രധാന സവിശേഷത.

ആസ്ക് മാപ്സ് വഴി സാധാരണ സംഭാഷണ ശൈലിയിൽ സംസാരിച്ച് റസ്റ്റോറൻറുകൾ കണ്ടെത്താൻ ഇപ്പോൾ സാധിക്കുമെങ്കിലും, അടുത്ത ഘട്ടമെന്ന നിലയിലാണ് ഓർഡർ പൂർത്തിയാക്കാനുള്ള സൗകര്യം ഗൂഗിൾ ഒരുക്കുന്നത്.






## കുസാറ്റ്: ഇലക്ട്രോണിക്സ് വിഭാഗത്തിൽ എം.ടെക് പ്രവേശനത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഇലക്ട്രോണിക്സ് വിഭാഗത്തിൽ മൈക്രോവേവ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ് കോഴ്സിലേക്ക് എം.ടെക്ക് പ്രവേശനത്തിനായി അപേക്ഷകൾ ക്ഷണിക്കുന്നു. കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻ വകുപ്പിന്റെ 5ഏ ഡലെ ഇമലെഘമയ, മികച്ച പ്ലേസ്മെന്റ്, ഇന്റേൺഷിപ്പ്, ഗവേഷണ അവസരങ്ങൾ എന്നിവയാണ് കോഴ്സിന്റെ പ്രധാന സവിശേഷതകൾ. കൂടുതൽ വിവരങ്ങൾക്കും കോഴ്സിന് അപേക്ഷിക്കാനും doe.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 13, 2026.

### റിയൽ ടൈം അഡ്മിഷൻ

കൊച്ചി: കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) വിവിധ വകുപ്പുകളിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ നടത്തുന്നു.

### സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസ്

എംഎസ് സി ഇൻഡസ്ട്രിയൽ ഫിഷറീസ്, എംഎസ് സി സീ ഫുഡ് സേഫ്റ്റി ആൻഡ് ട്രേഡ് പ്രോഗ്രാമ്മുകളിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 10ന് രാവിലെ 10 മണിക് കുസാറ്റ് ലേക്സൈഡ് ക്യാമ്പസ്സിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 04842863711

### ഫിസിക്സ് വകുപ്പ്

ഇന്റഗ്രേറ്റഡ് എം.എസ് സി ഫിസിക്സ് പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 10ന് രാവിലെ 10 മണിക് കുസാറ്റ് ഫിസിക്സ് വകുപ്പിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 04842862441

### മറൈൻ ബയോളജി, മൈക്രോ ബയോളജി ആൻഡ് ബയോകെമിസ്ട്രി

എംഎസ് സി മറൈൻ ബയോളജി, എംഎസ് സി മറൈൻ ജീനോമിക്സ് എന്ന പ്രോഗ്രാമ്മുകളിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 10ന് രാവിലെ 11 മണിക്ക് കുസാറ്റ് ലേക്സൈഡ് ക്യാമ്പസ്സിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 8547735584.

### ഒന്നാം സെമസ്റ്റർ ക്ലാസുകൾ മാറ്റിവെച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) എല്ലാ പി.ജി. പ്രോഗ്രാമുകൾ, എൽ.എൽ.ബി, സർട്ടിഫിക്കറ്റ്/ഡിപ്ലോമ പ്രോഗ്രാമുകൾ, ബി.ടെക് ഒഴികെയുള്ള യു.ജി. പ്രോഗ്രാമുകൾ എന്നിവയുടെ ഒന്നാം സെമസ്റ്റർ ക്ലാസുകളുടെ ആരംഭം 2026 ജൂലൈ 13ലേക്ക് മാറ്റിവെച്ചു.
അതേസമയം, അഞ്ചുവർഷ ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളുടെ ഒന്നാം സെമസ്റ്റർ ക്ലാസുകൾ 2026 ജൂലൈ 14 മുതൽ ആരംഭിക്കും.

### തൊഴിൽ അവസരം

**കൊച്ചി:** നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് കീഴിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ (കുസാറ്റ്) പ്രവർത്തിക്കുന്ന എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ മോഡൽ കരിയർ സെന്റർ, എറണാകുളം ജില്ലയിലെ വിവിധ കോളേജുകളിലെ വിദ്യാർത്ഥികൾക്കായി പഠനത്തോടൊപ്പം പാർട്ട് ടൈം ജോലിക്കുള്ള അവസരമൊരുക്കുന്നു. പാർട്ട് ടൈം ജോലി നൽകുവാൻ താൽപര്യമുള്ള സ്ഥാപനമേധാവികൾ ugbkchi.emp@gmail.com എന്ന ഇമെയിൽ വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് രാവിലെ 10 മണി മുതൽ 5 മണിവരെ 04842576756 (ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ മാത്രം) എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

### പ്രോജക്റ്റ് അസ്സോസിയേറ്റ് വാക്ക്ഇൻ ഇന്റർവ്യൂ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) മറൈൻ ബയോളജി, മൈക്രോബയോളജി ആൻഡ് ബയോകെമിസ്ട്രി വകുപ്പിൽ കേന്ദ്ര സർക്കാർ ഭൗമ ശാസ്ത്ര മന്ത്രാലയത്തിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയിലേക്ക് പ്രൊജക്റ്റ് അസ്സോസിയേറ്റ് വാക്ക്ഇൻ ഇന്റർവ്യൂ നടത്തുന്നു. മറൈൻ സയൻസ്/ മറൈൻ ബയോളജിയിൽ ബിരുദാനന്തര ബിരുദമാണ് യോഗ്യത. ഫീൽഡ് സാംപ്ലിങ്, ഡാറ്റാ കോംപ്ലിക്കേഷൻ, ഡാറ്റാ അനാലിസിസ് എന്നിവയിൽ പ്രവർത്തി പരിജയം അഭികാമ്യം. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ജൂലൈ 13ന് രാവിലെ 10 മണിക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കാം. വിശദമായ ബയോഡാറ്റ, വയസ്, യോഗ്യത എന്നിവ തെളിയിക്കുന്നതിന്റെ കോപ്പിയും priyaja@cusat.ac.in എന്ന വിലാസത്തിലേക്ക് ജൂലൈ 10ന് മുൻപായി അപേക്ഷിക്കുക. കൂടുതൽ വിവരങ്ങൾക്ക് 9447444882 എന്ന നമ്പറിൽ ബന്ധപ്പെടുക.




**കൊച്ചി അന്താരാഷ്ട് പുസ്തകോൽസവ സമിതിയുടെ ആഭിമുഖ്യത്തിൽ എറണാകുളം ബി.ടി.എച്ച് ൽ നടന്ന ചടങ്ങിൽ കെ. എൽ. മോഹനവർമ്മയ്ക്ക് നവതിയുടെ ആദരവ് ജസ്റ്റിസ് പി.എസ്. ഗോപിനാഥൻ, ജസ്റ്റിസ് പി. എൻ. രവീന്ദ്രൻ എന്നിവർ സമർപ്പിക്കുന്നു. സമീപം ലിജി ഭരത്, പർവീൺ ഹഫീസ്, എൻ.ഡി പ്രേമ ചന്ദ്രൻ, ബി. പ്രകാശ് ബാബു, മധു എസ് നായർ, ഇ.എം. ഹരിദാസ്, ഇ എൻ നന്ദകുമാർ, ടി.പി. എം ഇബ്രാഹിം ഖാൻ, ഡോ. ടി. എസ്. ജോയ്, കെ.വി.പി. കൃഷ്ണകുമാർ എന്നിവർ**

# വായന ലഹരിയാക്കാൻ യുവാക്കൾക്ക് കഴിയണം: മധു. എസ്. നായർ

**കൊച്ചി:** വായന ലഹരിയാക്കാൻ യുവാക്കൾക്ക് കഴിയണം എന്നും പുതുതലമുറയെ സജ്ജരാക്കാൻ പുസ്തകോത്സവ സമിതി നേതൃത്വം നൽകണം എന്നും മധു എസ്. നായർ പറഞ്ഞു. 29ാം കൊച്ചി അന്താരാഷ്ട്ര പുസ്തകൊത്സവം സ്വാഗതസംഘത്തിന്റെ നേതൃത്വം ഏറ്റെടുത്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ബി. ടി എച്ച് ൽ നടന്ന ചടങ്ങിൽ നവതി നിറവിൽ എത്തിയ പ്രശസ്ത എഴുത്തുകാരൻ കെ. എൽ. മോഹനവർമ്മയെ ചടങ്ങിൽ ആദരിച്ചു. വായന നമ്മെ മാനവികതയുടെ അർത്ഥപൂർണമായ തലത്തിലേയ്ക്ക് ഉയർത്തുമെന്നും പുതിയ തലമുറയെ വായനയുടെ സാഗരത്തിലേയ്ക്ക് നയിക്കാൻ നാം ശ്രമിയ്ക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഇ. എൻ . നന്ദകുമാർ അധ്യക്ഷത വഹിച്ച യോഗത്തിൽ ജസ്റ്റിസ് പി. എസ്. ഗോപിനാഥൻ, ജസ്റ്റിസ്. പി . എൻ. രവീന്ദ്രൻ, ഡോ. ടി. എസ്. ജോയ്, കെ.ആനന്ദ ബാബു, ലിജി ഭരത്, ഇ.എം ഹരിദാസ്, എൻ.ഡി . പ്രേമചന്ദ്രൻ, ശ്രീകുമാരി രാമചന്ദ്രൻ, ഐ.എസ്. കുണ്ടൂർ, കെ.വി. പി. കൃഷ്ണകുമാർ, പർവീൺ ഹഫീസ്, ടി.പി.എം ഇബ്രാഹിം ഖാൻ, ബി . പ്രകാശ് ബാബു എന്നിവർ സംസാരിച്ചു.



**ഡിസ്ട്രിക്റ്റ് കൺസ്ട്രൻ വർക്കേഴ്സ് യൂണിയനും ഇന്ദിരാ കൾച്ചറൽ ഫൗണ്ടേഷനും സംയുക്തമായി അങ്കമാലി വ്യാപാര ഭവനിൽ നടത്തിയ വിദ്യാസ സെമിനാറും വിദ്യാഭ്യാസ പുരസ്കാര വിതരണവും ബെന്നി ബഹനാൻ എം പി ഉദ്ഘാടനം ചെയ്യുന്നു. ജെസ്മി ജിജോ,മുനിസിപ്പൽ ചെയർപേഴ്സൺ റീത്ത പോൾ, കെ.പി.ബേബി,കെ.വി.മുരളി,പി.വി.ലാലു, അഡ്വ.കെ.എസ്.ഷാജി, കെ.വി.ബേബി, ദേവസ്സി മൂഞ്ഞേലി, ബിനു മഞ്ഞളി എന്നിവർ സമീപം.**

# വിദ്യാഭ്യാരംഗത്ത് സമഗ്രമായ മാറ്റങ്ങളാണ് സർക്കാർ നടപ്പിലാക്കി കൊണ്ടിരിക്കുന്നതെന്ന് ബെന്നി ബഹനാൻ എംപി

**അങ്കമാലി:** വിദ്യാഭ്യാ രംഗത്ത് സമഗ്രമായ മാറ്റങ്ങളാണ് സർക്കാർ നടപ്പിലാക്കി കൊണ്ടിരിക്കുന്നത്.

ഉപരിപഠനത്തിനായി മറ്റ് രാജ്യങ്ങളിലേക്ക് വിദ്യാർത്ഥികൾ പോകുന്നത് ഒഴിവാക്കാനും മറ്റ് രാജ്യങ്ങളിൽ നിന്ന് ഉപരിപഠനത്തിനായി കേരളത്തിലേക്ക് വിദ്യാർത്ഥികളെ പഠനത്തിനായി ആകർഷിക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസ രീതി നടപ്പിലാക്കുന്ന തരത്തിലാണ് പുതിയ വിദ്യാഭ്യാസ നയം നടപ്പിലാക്കി കൊണ്ടിരിക്കുന്നതെന്ന് ബെന്നി ബഹനാൻ എംപി പറഞ്ഞു. ഡിസ്ട്രിക്റ്റ് കൺസ്ട്രൻ വർക്കേഴ്സ് യൂണിയനും ഇന്ദിരാ കൾച്ചറൽ ഫൗണ്ടേഷനും സംയുക്തമായി അങ്കമാലി വ്യാപാര ഭവനിൽ നടത്തിയ വിദ്യാസ സെമിനാറും വിദ്യാഭ്യാസ പുരസ്കാര വിതരണവും ബെന്നി ബഹനാൻ ഉദ്ഘാടനം ചെയ്തു. ഡിസ്ട്രിക്റ്റ് കൺസ്ട്രൻ വർക്കേഴ്സ് യൂണിയൻ നിയോജക മണ്ഡലം പ്രസിഡണ്ട് പി.വി. ലാലു അദ്ധ്യക്ഷത വഹിച്ചു. മുനിസിപ്പൽ ചെയർപേഴ്സൺ റീത്ത പോൾ,ഡിസിസി ജനറൽ സെക്രട്ടറിമാരായ കെ.പി. ബേബി, അഡ്വ.കെ.എസ്. ഷാജി, കെഎസ്എസ്പിഎ സംസ്ഥാന ട്രഷറർ കെ.വി.മുരളി, കെ.കെ. ജോഷി, കെ.വി. ബേബി, ടിന്റു വിപിൻ, ജെസ്മി ജിജോ, ദേവസ്സി മൂഞ്ഞേലി, അജിത്ത്കുമാർ പാറക്കടവ്, ബിനു മഞ്ഞളി. എന്നിവർ പ്രസംഗിച്ചു.

# എം.ജി സർവകലാശാല

## മൊബൈൽ എയർ ക്വാളിറ്റി മോണിറ്ററിംഗ് യൂണിറ്റ്

അടിയന്തര സാഹചര്യങ്ങളിൽ അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം വിലയിരുത്തുന്നതിനായി മഹാത്മാഗാന്ധി സർവകലാശാലയിൽ പുതിയ മൊബൈൽ എയർ ക്വാളിറ്റി മോണിറ്ററിംഗ് യൂണിറ്റ് വരുന്നു.

യൂണിറ്റ് തയ്യാറാക്കുന്നതിനും പദ്ധതി നടപ്പാക്കുന്നതിനുമായി സർവകലാശാലയിലെ സ്കൂൾ ഓഫ് എൻവയോൺമെന്റ് സയൻസസിന് സംസ്ഥാന ദുരന്ത ലഘൂകരണ ഫണ്ടിൽ നിന്ന് 1.96 കോടി രൂപ അനുവദിച്ചു.

ദുരന്ത സാഹചര്യങ്ങളിൽ സംഭവസ്ഥലത്തെത്തി വായുവിന്റെ ഗുണനിലവാരം നിരീക്ഷിക്കുന്നതുവഴി ഉടനടി പരിഹാര നടപടികൾ എടുക്കുന്നതിന് ഈ മൊബൈൽ യൂണിറ്റ് സഹായകരമാകും. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്കും സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്ററിനും ആവശ്യമായ എല്ലാ ഘട്ടങ്ങളിലും മൊബൈൽ യൂണിറ്റിന്റെ സേവനം ലഭ്യമാക്കും.

## സ്പോട്ട് അഡ്മിഷൻ

സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻറ് സ്പോർട്സ് സയൻസസിൽ 2026 –27 അധ്യയന വർഷത്തെ എം.പി.ഇ.എസ്. (മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് ) പ്രോഗ്രാമിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

സർവകലാശാല പ്രസിദ്ധീകരിച്ച 2026– 2027 പ്രോസ്പെക്ടസ് പ്രകാരം യോഗ്യതയുള്ള വിദ്യാർത്ഥികൾ ജൂലൈ 14ന് രാവിലെ 7 മണിക്ക് സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻറ് സ്പോർട്സ് സയൻസ് പഠന വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്കായി അഡ്മിഷൻ നടപടികളുടെ ഭാഗമായുള്ള കായികക്ഷമതാ പരിശോധനകൾ അന്നേ ദിവസം തന്നെ നടത്തുന്നതായിരിക്കും.

സ്കൂൾ ഓഫ് ഡാറ്റാ അനലിറ്റിക്സിൽ 2026 ബാച്ച് എം.എസ്.സി. ഡാറ്റാ സയൻസ് ആൻറ് അനലിറ്റിക്സ് കോഴ്സിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. എസ്.സി. വിഭാഗത്തിൽ 3 സീറ്റുകളും എസ്.ടി. വിഭാഗത്തിൽ 1 സീറ്റും ഒഴിവുണ്ട്. താല്പര്യമുള്ള വിദ്യാർത്ഥികൾ യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകളുമായി ജൂലൈ 10ന് രാവിലെ 10.30നും 12.30നും ഇടയിൽ സർവകലാശാലയിലെ കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലെ സ്കൂൾ ഓഫ് ഡാറ്റാ അനലിറ്റിക്സ് ഓഫീസിൽ (റൂം നമ്പർ: 520) നേരിട്ട് ഹാജരാകേണ്ടതാണ്. ഫോൺ 8304870247, 7561087631 ഇമെയിൽ sda@mgu.ac.in

## ഡിജിറ്റൽ ലാൻഡ് സർവേ കോഴ്സ്

ഡോ.ആർ. സതീഷ് സെൻറർ ഫോർ റിമോട്ട് സെൻസിംഗ് ആൻറ് ജി.ഐ.എസ് നടത്തുന്ന 'ഡിജിറ്റൽ ലാൻഡ് സർവേയിംഗ് ആൻറ് ഡ്രാഫ്റ്റിംഗ്' കോഴ്സിൻറെ പുതിയ ബാച്ചിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. സിവിൽ എൻജിനീയറിംഗ്, ലാൻഡ് സർവേയിംഗ് മേഖലകൾക്ക് ആവശ്യമായ മാപ്പുകൾ, പ്ലാൻ, ഡ്രോയിംഗ് എന്നിവ ടോട്ടൽ സ്റ്റേഷൻ, ഡിഫറൻഷ്യൽ ജി.പി.എസ്, ഓട്ടോ ലെവൽ, ഓട്ടോകാഡ് എന്നിവയുടെ സഹായത്തോടെ തയ്യാറാക്കുന്നതിനുള്ള 3 മാസത്തെ പരിശീലനമാണ് ഈ കോഴ്സിലൂടെ ലഭിക്കുന്നത്.

താല്പര്യമുള്ളവർക്ക് ജൂലൈ 20 വരെ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് https://ses.mgu.ac.in/ ഫോൺ: 8590282951

## കരാർ നിയമനം

സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ അനലിറ്റിക്കൽ ഇൻസ്ട്രുമെൻറ് ടെക്നീഷ്യൻ തസ്തികയിലേക്ക് ഒരു വർഷത്തേക്ക് കരാറടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നു.

എം.എസ്.സി. കെമിസ്ട്രി, ഫിസിക്സ്, ഇലക്ട്രോണിക്സ് അല്ലെങ്കിൽ ബി.ടെക്/എം.ടെക് ഇൻസ്ട്രുമെൻറേഷൻ എൻജിനീയറിംഗ് ആണ് യോഗ്യത. പ്രതിമാസ വേതനം 30,000 രൂപ. 2026 ജനുവരി 1 ന് 36 വയസ്സ് കവിയരുത് (അർഹരായ വിഭാഗങ്ങൾക്ക് നിയമാനുസൃതമായ പ്രായപരിധി ഇളവുകൾ ലഭിക്കുന്നതാണ്).

ഉദ്യോഗാർത്ഥികൾ നിശ്ചിത അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച്, പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ada5@mgu.ac.in എന്ന ഇമെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്. വിജ്ഞാപന തീയതി മുതൽ 15 ദിവസത്തിനകം അപേക്ഷകൾ ലഭിച്ചിരിക്കണം. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## വൈവ വോസി

നാലാം സെമസ്റ്റർ എംഎ ഫിലോസഫി (സിഎസ്എസ്) പ്രൈവറ്റ് രജിസ്ട്രേഷൻ 2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026ന്റെ വൈവ വോസി പരീക്ഷകൾ ജൂലൈ 15ന് എറണാകുളം മഹാരാജാസ് കോളേജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ ഒന്നാം സെമസ്റ്റർ എൽഎൽഎം (2025 അഡ്മിഷൻ റഗുലർ, 2022 മുതൽ 2024 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2021 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2020 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2019 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) ഏപ്രിൽ 2026ന്റെ ടീചിംഗ് പ്രാക്ടീസ് ആൻറ് വൈവ വോസി പരീക്ഷകൾ ജൂലൈ 14 മുതൽ നടക്കും.ടൈം ടേബിൾ വെബ്സൈറ്റിൽ



# പരിസ്ഥിതി സംരക്ഷണവും വികസനത്തിന്റെ ഭാഗം: കേന്ദ്രമന്ത്രി സുരേഷ് ഗോപി

**പാലക്കാട്:** രാജ്യത്തിന്റെ വികസനമെന്നത് സാമ്പത്തികം മാത്രമല്ലെന്നും പരിസ്ഥിതി സംരക്ഷണം വികസനത്തിന്റെ ഭാഗമാണെന്നും കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡ് മേഴ്സി കോളജിൽ സംഘടിപ്പിച്ച ശുചിത്വയജ്ഞവും വൃക്ഷതൈ നടീലും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സ്വച്ഛ് ഭാരത് അഭിയാൻ പോലുള്ള കേന്ദ്ര സർക്കാർ പദ്ധതികളുടെ വിജയത്തിന് ജനങ്ങളുടെ പങ്കാളിത്തം പ്രധാനമാണ്. സ്വച്ഛത വെറുമൊരു പ്രതീകാത്മക പ്രവർത്തനമല്ല. ശുചിത്വം പൊതുകടമയും ഉത്തരവാദിത്തവുമാണ്. ആഗോളവത്കരണത്തിന്റെ ഭാഗമായി നാം പ്രകൃതിയെ മറക്കുന്നു. ഇത് തുടർന്നാൽ വലിയ തിരിച്ചടിയാവും ലഭിക്കുകയെന്നും അദ്ദേഹം ഓർമിപ്പിച്ചു. ശുചിത്വ ഇന്ത്യ എന്ന ദർശനം മഹാത്മാഗാന്ധിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടതാണെന്നും സുരേഷ്ഗോപി പറഞ്ഞു. തുടർന്ന് വിദ്യാർഥിനികളുമായി നടന്ന സംവാദത്തിൽ പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും സസ്യജാലങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. കോളജിൽ വിദ്യാർഥികൾക്കും അധ്യാപകർക്കുമൊപ്പം പ്ലാവിൻതൈ നടുകയും ചെയ്തു. ബിപിസിഎൽ എക്സിക്യൂട്ടീവ് ഡയറക്ടർ ബിജു ഗോപിനാഥ് അധ്യക്ഷതവഹിച്ചു. പ്രിൻസിപ്പൽ ഡോ.സിസ്റ്റർ എൻ.എം. ലൗലി പ്രസംഗിച്ചു. പ്രശാന്ത് ശിവൻ, സി. മധു തുടങ്ങിയവർ പങ്കെടുത്തു.

# ശുദ്ധജലത്തിലും വളരുന്ന വനാമി ചെമ്മീന് വൻ സാധ്യതകൾ; സമുദ്രോൽപന്ന കയറ്റുമതിയിലെ താരം



**ആലപ്പുഴ:** ഇന്ത്യയുടെ സമുദ്രോൽപന്ന കയറ്റുമതിയിൽ 73890 കോടി രൂപയെന്ന റെക്കോർഡ് നേട്ടം കൈവരിച്ചതിന് പിൻബലമായത് വനാമി ചെമ്മീൻ കൃഷി. കടലാമ സംരക്ഷണവുമായി ബന്ധപ്പെട്ട് ഇന്ത്യയിലെ കടൽ ചെമ്മീന് അമേരിക്ക ഉപരോധം ഏർപ്പെടുത്തിയപ്പോൾ ഇന്ത്യയ്ക്ക് വിപണി നഷ്ടമാകാതെ സഹായിച്ചത് വനാമി ചെമ്മീനെന്നറിയപ്പെടുന്ന വെള്ളക്കാലൻ കൊഞ്ചുകളാണ്. കയറ്റുമതി ചെയ്ത ചെമ്മീനിൽ 75–80 ശതമാനവും ഇതായിരുന്നു.

നിലവിൽ വനാമി ചെമ്മീൻ ക!ൃഷിയിൽ ആന്ധ്രപ്രദേശാണു മുന്നിലെങ്കിലും പരിശ്രമിച്ചാൽ തോടുകളും പാടങ്ങളും ധാരാളമുള്ള ആലപ്പുഴ ജില്ലയ്ക്കും കൃഷിയിൽ മികച്ച വിജയം കൊയ്യാൻ കഴിയും. ഉപ്പുവെള്ളത്തിലും ശുദ്ധജലത്തിലും ഒരുപോലെ കൃഷി ചെയ്യാൻ പറ്റുന്ന വനാമി ചെമ്മീൻ പരിപാലിക്കാൻ എളുപ്പമുള്ള, രോഗപ്രതിരോധശേഷി കൂടിയ ഇനമാണ്. ഇടത്തരം വലുപ്പമുള്ള വനാമി ചെമ്മീനുകൾ ഒരു പരിധിയിൽ കവി!ഞ്ഞു വളരാറില്ല. നാടൻ ചെമ്മീനിന് വലുപ്പം കൂടുതലാണെങ്കിലും വനാമി ചെമ്മീനുകളെ അപേക്ഷിച്ച് വില വളരെ കൂടുതലാണ്.

കേരളത്തിലെ പാടശേഖരങ്ങൾ വനാമി കൃഷിക്ക് അനുയോജ്യമാണെന്ന പഠന റിപ്പോർട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ നെല്ലിനൊപ്പം വനാമി ചെമ്മീൻ കൃഷി ചെയ്യുന്നതിനു കൃഷി വകുപ്പിനും പ്രശ്നമില്ല. തരിശുകിടക്കുന്ന പാടശേഖരങ്ങൾ കൃഷിയുടെ ഭാഗമാക്കിയാൽ നൂറുമേനി വിളവ് കൊയ്യാം. ചെറിയ കുളങ്ങളിൽ കൃഷി ചെയ്യുന്നതാണ് ഏറ്റവും അനുയോജ്യം. ഹെക്ടർ കണക്കിന് പാടങ്ങളിൽ കൃഷി നടത്തുമ്പോൾ ആധുനിക സംവിധാനങ്ങളൊരുക്കി ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തണം.

ഒരു കിലോ വനാമി മീറ്റ് ഉൽപാദിപ്പിക്കുന്നതിന് 1.100 കിലോഗ്രാം തീറ്റയാണ് ആവശ്യം. സാധ്യതകളേറെ ഉണ്ടായിട്ടും നിലവിൽ ജില്ലയിലെ പള്ളിപ്പുറം, തുറവൂർ, പട്ടണക്കാട് എന്നിവിടങ്ങളിൽ കുറച്ചുപേർ മാത്രമേ വനാമി കൃഷി ചെയ്യുന്നുള്ളു. കൃഷിയെ സഹായിക്കാൻ അഡാക്, എംപിഇഡിഎ എന്നിങ്ങനെയുള്ള സർക്കാർ ഏജൻസികൾ 25 ഹെക്ടർ കൃഷി ചെയ്യുന്നതിന് 60 ലക്ഷം രൂപ വായ്പയായി നൽകുന്നുണ്ട്. ഇതിൽ 40 ശതമാനം സബ്സിഡിയാണ്.




പ്രമുഖ കൊമോഡിറ്റി എക്സ്ചേഞ്ചായ എൻസിഡിഇഎക്സ് 'ഹർ ഘർ ഇൻവെസ്റ്റർ' ക്യാമ്പയിന്റെ പ്രഖ്യാപനം എൻസിഡിഇഎക്സ് മാനേജിങ് ഡയറക്ടറും സിഇഒയുമായ ഡോ. അരുൺ റാസ്തെ നടത്തുന്നു. ചീഫ് ബിസിനസ് ഓഫീസർ കേദാർ ദേശ്പാണ്ഡെ, ചീഫ് ഓഫ് ഇക്വിറ്റി ടോജോ ബാനർജി തുടങ്ങിയവർ സമീപം.

### എൻസിഡിഇഎക്സിന്റെ ഹർ ഘർ ഇൻവെസ്റ്റർ പദ്ധതിക്ക് കൊച്ചിയിൽ തുടക്കം

# കുരുമുളക് ഫ്യൂച്ചേഴ്സ് വ്യാപാരവും പുനരാരംഭിക്കുന്നു

**കൊച്ചി:** രാജ്യത്തെ വൻകിട നഗരങ്ങൾക്ക് പുറത്തുള്ള സാധാരണക്കാർക്കും സംരംഭകർക്കും ധനവിപണിയിലെ നിക്ഷേപ സാധ്യതകൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ, പ്രമുഖ കൊമോഡിറ്റി എക്സ്ചേഞ്ചായ എൻസിഡിഇഎക്സ് 'ഹർ ഘർ ഇൻവെസ്റ്റർ' ക്യാമ്പയിന് കൊച്ചിയിൽ തുടക്കം കുറിച്ചു. 'ഇക്വിറ്റി ഫോർ ഭാരത്' എന്ന ദേശീയ ദൗത്യത്തിന്റെ രണ്ടാം ഘട്ടമായാണ് ഈ പദ്ധതി കേരളത്തിൽ അവതരിപ്പിച്ചത്. ഇതോടൊപ്പം, ആഭ്യന്തര-ആഗോള വിപണിയിൽ ഏറെ പ്രാധാന്യമുള്ള ബ്ലാക്ക് പെപ്പർ (കുരുമുളക്) ഫ്യൂച്ചേഴ്സ് ട്രേഡിംഗും ജൂലൈ 15ന് എക്സ്ചേഞ്ച് പുനരാരംഭിക്കും.

ചെറുപട്ടണങ്ങളിലെയും ഗ്രാമപ്രദേശങ്ങളിലെയും നിക്ഷേപകർക്ക് സുരക്ഷിതമായി ധനവിപണിയിൽ നിക്ഷേപം നടത്താൻ അവസരമൊരുക്കുകയാണ് 'ഹർ ഘർ ഇൻവെസ്റ്റർ' പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഉയർന്ന സാമ്പത്തിക സാക്ഷരതയും ശക്തമായ വ്യാപാര പാരമ്പര്യവുമുള്ള കൊച്ചി, ഇതിന് ഏറ്റവും അനുയോജ്യമായ നഗരമായതിനാലാണ് ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിനായി തിരഞ്ഞെടുത്തതെന്ന് എൻസിഡിഇഎക്സ് അധികൃതർ വ്യക്തമാക്കി. 2026 ജൂണിൽ ഗുവാഹത്തിയിലാണ് ഈ ക്യാമ്പയിനിന്റെ ഒന്നാം ഘട്ടം ആരംഭിച്ചത്.

നിലവിൽ ആഗോളതലത്തിൽ കുരുമുളകിനായി സജീവ ഡെറിവേറ്റീവ്സ് വിപണി ലഭ്യമല്ലാത്ത സാഹചര്യത്തിലാണ് എൻസിഡിഇഎക്സിന്റെ പുതിയ ചുവടുവെപ്പ്. കൊച്ചിയുടെ പഴയകാല കുരുമുളക് വ്യാപാര പ്രൗഢി വീണ്ടെടുക്കാനും ലോകത്തിലെ ഏക നിയന്ത്രിത കുരുമുളക് ബെഞ്ച്മാർക്ക് ആയി ഇതിനെ മാറ്റാനും പുതിയ ഫ്യൂച്ചേഴ്സിലൂടെ സാധിക്കും.

കുരുമുളക് കർഷകർ, വ്യാപാരികൾ, സംസ്കരണ സ്ഥാപനങ്ങൾ, കയറ്റുമതിക്കാർ എന്നിവർക്ക് വിപണി വിലയിലെ ചാഞ്ചാട്ടത്തിൽ നിന്ന് സംരക്ഷണം ലഭിക്കാനും സുതാര്യമായ വിലനിർണ്ണയം ഉറപ്പാക്കാനും ഈ സംവിധാനം സഹായിക്കും.

കൊച്ചിയിൽ കുരുമുളക് ഫ്യൂച്ചേഴ്സ് പുനരാരംഭിക്കുന്നതിലൂടെ കാർഷിക മേഖലയെയും മൂലധന വിപണിയെയും ബന്ധിപ്പിക്കുന്നതിൽ കേരളത്തിനു മുന്നിൽ വലിയ സാധ്യതയാണ് തുറന്നു കിട്ടുന്നതെന്ന് എൻസിഡിഇഎക്സ് മാനേജിങ് ഡയറക്ടറും സിഇഒയുമായ ഡോ. അരുൺ റാസ്തെ പറഞ്ഞു.

ലോകത്ത് കുരുമുളകിനായി ഒരു സജീവ ആഗോള ബെഞ്ച്മാർക്ക് ഇല്ലാത്ത സാഹചര്യത്തിൽ ഈ പുതിയ കരാർ വലിയൊരു ശൂന്യത നികത്തുമെന്ന് ചീഫ് ബിസിനസ് ഓഫീസർ കേദാർ ദേശ്പാണ്ഡെ വ്യക്തമാക്കി. ആഗോള സുഗന്ധവ്യഞ്ജന വ്യാപാരത്തിൽ ഇന്ത്യയുടെ നേതൃത്വം കൂടുതൽ ശക്തമാക്കാൻ ഇത് സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കൊമോഡിറ്റി വിപണിയിലെ എൻസിഡിഇഎക്സിന്റെ സുതാര്യതയും വിശ്വാസ്യതയും ഇനി ഇക്വിറ്റി വിപണിയിലേക്കും വ്യാപിപ്പിക്കുകയാണെന്നും അതിന്റെ ആദ്യപടിയായി ആദ്യതലമുറ നിക്ഷേപകർക്കായി ഒരു മ്യൂച്വൽ ഫണ്ട് പ്ലാറ്റ്ഫോം രൂപകൽപ്പന ചെയ്തിട്ടുണ്ടെന്നും ചീഫ് ഓഫ് ഇക്വിറ്റി ടോജോ ബാനർജി പറഞ്ഞു.

കൊമോഡിറ്റി എക്സ്ചേഞ്ച് എന്നതിനപ്പുറം ഒരു ബഹുമുഖ ധനവിപണി സ്ഥാപനമായി മാറാനുള്ള തയ്യാറെടുപ്പിലാണ് എൻസിഡിഇഎക്സ്. സെബിയുടെ അനുമതിയോടെ ഇക്വിറ്റി, ഇക്വിറ്റി ഡെറിവേറ്റീവ്സ് വിഭാഗങ്ങളിലേക്ക് കടക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. 770 കോടി രൂപയുടെ സമാഹരണത്തിന് ശേഷം തങ്ങളുടെ ആദ്യ മ്യൂച്വൽ ഫണ്ട് പ്ലാറ്റ്ഫോം അവതരിപ്പിക്കാനും എക്സ്ചേഞ്ച് ഒരുങ്ങുന്നു.

കൂടാതെ, കാലാവസ്ഥാ വ്യതിയാനങ്ങൾ മൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടങ്ങൾ നേരിടുന്നതിനായി, ഇന്ത്യൻ കാലാവസ്ഥാ വകുപ്പ്, ഐഐറ്റി ബോംബെ എന്നിവയുടെ സഹകരണത്തോടെ വികസിപ്പിച്ച ലോകത്തിലെ ആദ്യത്തെ എക്സ്ചേഞ്ച് ട്രേഡഡ് റെയിൻ ഫ്യൂച്ചേഴ്സ് കരാറായ റെയിൻ മുംബൈക്ക് സെബിയുടെ അംഗീകാരം ലഭിച്ചതായും അധികൃതർ അറിയിച്ചു.

## ഗോപു നന്തിലത്ത് ജി മാർട്ട് ഹൈടെക് ഷോറൂം വൈക്കത്ത്

**തൃശൂർ:** പ്രമുഖ ഗൃഹോപകരണ ഇലക്ട്രോണിക് ഡിജിറ്റൽ വിതരണ ശൃംഖലയായ ഗോപു നന്തിലത്ത് ജി മാർട്ട് 65ാമത് ഹൈടെക് ഷോറൂം വൈക്കം കെഎസ്ആർടിസി സ്റ്റാൻഡിന് എതിർവശത്തു പ്രവർത്തനമാരംഭിച്ചു. ഗോപു നന്തിലത്ത് ഗ്രൂപ്പ് ചെയർമാൻ ഗോപു നന്തിലത്ത്, ഷൈനി ഗോപു നന്തിലത്ത്, ഡയറക്ടർ ഐശ്വര്യ നന്തിലത്ത് എന്നിവർ ചേർന്ന് ഉദ്ഘാടനം നിർവഹിച്ചു. നന്തിലത്ത് ഗ്രൂപ്പ് സിഇഒ പി.എ. സുബൈർ പങ്കെടുത്തു.

ഉദ്ഘാടനത്തോടനുബന്ധിച്ചു തെരഞ്ഞെടുത്ത ഗൃഹോപകരണങ്ങൾക്ക് 70 ശതമാനംവരെ ഡിസ്കൗണ്ട് നൽകുന്നുണ്ട്. പുതിയ ഓണം സ്കീം ലക്കാ ലക്കാ ഓഫറിലൂടെ 2027 ജനുവരി 31 വരെ പർച്ചേസ് ചെയ്യുന്നവരിൽനിന്നു നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന 25 പേർക്കു ബമ്പർ സമ്മാനമായി മാരുതി സുസുക്കി ബലേനോ കാർ, നൂറു പേർക്ക് ഒരുഗ്രാം വീതമുള്ള സ്വർണനാണയം, നൂറുപേർക്കു പത്തു ഗ്രാം വീതമുള്ള വെള്ളി നാണയം, നൂറു പേർക്ക് എൽഇഡി ടിവി, നൂറു പേർക്കു വാഷിംഗ് മെഷീൻ എന്നിവ സമ്മാനിക്കും. പർച്ചേസ് ചെയ്യുമ്പോൾ തെരഞ്ഞെടുത്ത മോഡലുകളിൽ കാഷ്ബാക്ക്, നോ കോസ്റ്റ് ഇഎംഐ സീറോ പ്രോസസിംഗ് സ്കീമുകൾ, കുറഞ്ഞ തവണ വ്യവസ്ഥകളിൽ കൂടുതൽ കാലാവധിയോടെ ഗൃഹോപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതികൾ, എക്സ്റ്റൻഡഡ് വാറന്റി സ്കീമുകൾ തുടങ്ങിയവയും ലഭ്യമാണ്. എക്സ്ചേഞ്ച് ഓഫറുകളും ഒരുക്കിയിട്ടുണ്ട്.

## വിജയികളെ പ്രഖ്യാപിച്ച് ക്രാഫ്റ്റൺ ഇന്ത്യ

**കൊച്ചി:** റൈസിംഗ് സ്റ്റാർ താരങ്ങൾക്കായി സംഘടിപ്പിച്ച ബാറ്റിൽഗ്രൗണ്ട്സ് മൊബൈൽ ഇന്ത്യ (ബിജിഎംഐ) ഇൻവിറ്റേഷണൽ ടൂർണമെന്റിൽ ക്രേസി ക്രാറ്റോസ് ജേതാക്കളായി. റോഹിത് ക്രാറ്റോസ് സക്സേനയുടെ നേതൃത്വത്തിലുള്ള ടീം മൂന്ന് ദിവസം നീണ്ട മത്സരങ്ങളിൽ 193 പോയിന്റ് നേടിയാണ് കിരീടം സ്വന്തമാക്കിയത്. ജസ്റ്റീസ് ജെസ്റ്റേഴ്സ് രണ്ടാം സ്ഥാനവും മോസ്റ്റ് വാണ്ടഡ് മൂന്നാം സ്ഥാനവും നേടി. മികച്ച പ്രകടനത്തിന് റോഹിത് ക്രാറ്റോസ് സക്സേനയ്ക്ക് ഏറ്റവും മികച്ച താരത്തിന്റെയും മികച്ച റൈസിംഗ് സ്റ്റാറിന്റെയും പുരസ്കാരങ്ങൾ ലഭിച്ചു. പുതുതായി വളർന്നുവരുന്ന ഇസ്പോർട്സ് താരങ്ങൾക്ക് ദേശീയതലത്തിൽ കഴിവ് തെളിയിക്കാനുള്ള വേദിയൊരുക്കുക എന്ന ലക്ഷ്യത്തോടെയാണ് ടൂർണമെന്റ് സംഘടിപ്പിച്ചത്.

## ഡ്രീം പുതിയ എൽ50 സീരീസ് റോബോട്ടിക് വാക്വം ക്ലീനറുകൾ അവതരിപ്പിച്ചു

**കൊച്ചി:** സ്മാർട്ട് ഹോം ഉപകരണ നിർമാതാക്കളായ ഡ്രീം ടെക്നോളജി ഇന്ത്യയിൽ പുതിയ എൽ50 പ്ലസ്, എൽ50 റോബോട്ടിക് വാക്വം ക്ലീനറുകൾ അവതരിപ്പിച്ചു. ശക്തമായ 25,000 പി.എ. സക്ഷൻ ശേഷി, അരികുകളും മൂലകളും ഫലപ്രദമായി വൃത്തിയാക്കുന്ന മോപ്പ് വിപുലീകരണ സംവിധാനം, ബുദ്ധിപരമായ നാവിഗേഷൻ, തടസ്സങ്ങൾ തിരിച്ചറിഞ്ഞ് ഒഴിവാക്കുന്ന സംവിധാനം, മൊബൈൽ ആപ്പ് നിയന്ത്രണം എന്നിവയാണ് പ്രധാന സവിശേഷതകൾ. എൽ50 പ്ലസിന് 34,999 രൂപയും എൽ50ന് 27,999 രൂപയുമാണ് വില. ജൂലൈ 6 മുതൽ ആമസോൺ ഇന്ത്യയിലും ഡ്രീം ഇന്ത്യയുടെ ഔദ്യോഗിക വെബ്സൈറ്റിലും ഇവ ലഭ്യമാകും. രണ്ട് മോഡലുകൾക്കും ഒരു വർഷത്തെ വാറണ്ടിയും രാജ്യത്തെ 160ലധികം നഗരങ്ങളിലായി വിൽപനാനന്തര സേവന പിന്തുണയും കമ്പനി പ്രഖ്യാപിച്ചു.

## ടാറ്റയുടെ ഫാഷൻ ബ്രാൻഡിനെ നയിക്കാൻ മായ ടാറ്റ

**മുംബൈ:** ടാറ്റ ഗ്രൂപ്പിന്റെ ഫാഷൻ ബ്രാൻഡായ വെസ്റ്റ് സൈഡിന്റെ സുപ്രധാന ചുമതലയിലേക്ക് മായ ടാറ്റ എത്തുന്നു. ടാറ്റ ഇൻവെസ്റ്റ്മെന്റ് ഗ്രൂപ്പിന്റെ ചെയർമാനും ട്രെന്റ് ലിമിറ്റഡ് മേധാവിയുമായ നോയൽ ടാറ്റയുടെ മകളാണ് 37 വയസ്സുകാരിയായ മായ ടാറ്റ.



വെസ്റ്റ്സൈഡിന്റെ ഓൺലൈൻ ബിസിനസ്സ്, വിദേശത്തെ ഇകൊമേഴ്സ് മാർക്കറ്റിങ് എന്നിവയുടെ മേൽനോട്ടമാണ് മായയുടെ പുതിയ ഉത്തരവാദിത്വം. വെസ്റ്റ്സൈഡ് ഡിജിറ്റൽ മേഖലയിൽ വളരാനും അന്താരാഷ്ട്ര വിപണിയിൽ ശക്തിയാർജിക്കാനുമുള്ള ശ്രമങ്ങൾക്കിടെയാണ് മായ ടാറ്റയുടെ നിയമനം.

രത്തൻ ടാറ്റയുടെ അർധസഹോദരനായ നോയൽ ടാറ്റയുടെ ഇളയ മകളാണ് മായ ടാറ്റ. (രത്തൻ ടാറ്റയുടെ പിതാവിന് രണ്ടാം ഭാര്യയിലുള്ള മകനാണ് നോയൽ ടാറ്റ.) 1989ൽ മുംബൈയിൽ ജനിച്ച മായ, യുകെയിലെ വാർവിക് സർവകലാശാലയിൽ പഠിക്കുകയും ലണ്ടനിൽനിന്ന് ബിസിനസ് മാനേജ്മെന്റിലും ഫിനാൻസിലും ബിരുദം പൂർത്തിയാക്കുകയും ചെയ്തു. രത്തൻ ടാറ്റയുടെ നേരിട്ടുള്ള മാർഗനിർദേശപ്രകാരമാണ് അവർ ടാറ്റ ഗ്രൂപ്പിൽ പ്രവർത്തനം ആരംഭിച്ചത്. ടാറ്റ ഡിജിറ്റലിലും ടാറ്റ ക്യാപിറ്റലിന്റെ കീഴിലുള്ള 'ടാറ്റ ഓപ്പർച്യൂണിറ്റീസ് ഫണ്ടിലും' അവർ മുൻപ് സേവനമനുഷ്ഠിച്ചിട്ടുണ്ട്.

നോയൽ ടാറ്റയുടെ മൂന്ന് മക്കളിൽ ഇളയവളാണ് മായ. സഹോദരൻ നെവിൽ ടാറ്റ ട്രെന്റിന്റെ തന്നെ 'സ്റ്റാർ ബസാർ' ബിസിനസ്സ് കൈകാര്യം ചെയ്യുന്നു. മൂത്ത സഹോദരി ലിയ ടാറ്റ ഗ്രൂപ്പിന്റെ ഹോട്ടൽ ബിസിനസ്സിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. രത്തൻ ടാറ്റ ഇൻഡസ്ട്രിയൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബോർഡ് ഓഫ് ട്രസ്റ്റീസിലും അവർ അംഗമാണ്.

ട്രെന്റ് ലിമിറ്റഡിന്റെ ആകെ വരുമാനത്തിന്റെ 40 ശതമാനത്തോളം വെസ്റ്റ്സൈഡ് വഴിയാണ് ലഭിക്കുന്നത്. ഇപ്പോൾ യുഎഇയിൽ ഒരു സ്റ്റോർ തുറന്നുകൊണ്ട് വെസ്റ്റ്സൈഡ് ആഗോള വിപണിയിലേക്കും പ്രവേശിച്ചിട്ടുണ്ട്.




ടൈ കേരള സംഘടിപ്പിച്ച സ്റ്റേക്ക് ഹോൾഡർ ഇന്ററാക്ഷൻ ഓൺ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് റൗണ്ട് ടേബിൾ ചർച്ചയിൽ ചേതന ഫോർമുലേഷൻസ് എം ഡി ദാമോദർ അവനൂർ, ടൈ കേരള പ്രസിഡന്റ് വിവേക് കൃഷ്ണ ഗോവിന്ദ്, കേരള സർക്കാർ അക്കൗണ്ടന്റ് ജനറൽ വിഷ്ണുകാന്ത്, എന്നിവർ

# കേരളത്തിലെ വ്യവസായ മേഖല കുതിപ്പിലേക്ക്: വിഷ്ണുകാന്ത്

**കൊച്ചി:** കേരളത്തിലെ വ്യവസായ മേഖല കുതിപ്പിലേക്കെന്ന് കേരള സർക്കാർ അക്കൗണ്ടന്റ് ജനറൽ വിഷ്ണുകാന്ത്. ടൈ കേരള സംഘടിപ്പിച്ച 'സ്റ്റേക്ക് ഹോൾഡർ ഇന്ററാക്ഷൻ ഓൺ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ്' എന്ന റൗണ്ട് ടേബിൾ ചർച്ചയിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്.

കേരളത്തിൽ യുവാക്കളിലും വിദ്യാർഥികളിലും സംരംഭകത്വ മനോഭാവം വളർന്നുവരുന്നത് ഈ കുതിപ്പിന്റെ സൂചനയാണെന്നും വിഷ്ണുകാന്ത് കൂട്ടിച്ചേർത്തു. കേരളത്തിലെ വ്യവസായ മേഖലയിൽ സ്റ്റാർട്ടപ്പുകളുടെ പങ്കാളിത്തം സാമ്പത്തിക രംഗത്ത് ഒഴിച്ചുകൂടാനാവാത്ത സാഹചര്യമാണ് ഇപ്പോഴുള്ളതെന്നു കേരള സർക്കാർ സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ ഷെറിൻ എം എസ് അഭിപ്രായപ്പെട്ടു. കേരളത്തിലെ വ്യവസായ മേഖലയിലെ കെ സ്വിഫ്റ്റ് ഏകജാലക പോർട്ടലിലെ വേഗത്തിലുള്ള ക്ലിയറൻസ്, റെഗുലേറ്ററി കംപ്ലൈൻസ് എന്നിവയിലുള്ള സുതാര്യതയെ കുറിച്ചും ഷെറിൻ എം എസ് വിവരങ്ങൾ പങ്കുവച്ചു.

ഡിജിറ്റലൈസേഷൻ, മാർക്കറ്റ് ആക്സസ് യുവാക്കൾക്കും വിദ്യാർഥികൾക്കുള്ള പ്രാരംഭ സ്കില്ലിങ് പ്രോഗ്രാമുകൾ എന്നിവയെ കുറിച്ചുള്ള ആഴത്തിലുള്ള വിശകലനവും എം എസ് എം ഇ മേഖലയിൽ തുടക്കകാർക്കുണ്ടാവുന്ന ആശങ്കകളും അവയുടെ പരിഹാരങ്ങളും ചർച്ചയിൽ വിഷയങ്ങളായി.

അവന്യു റീജന്റ് ഹോട്ടലിൽ നടന്ന ചർച്ചയിൽ ടൈ കേരള പ്രസിഡന്റ് വിവേക് കൃഷ്ണ ഗോവിന്ദ് മോഡറേറ്ററായി. ചേതന ഫോർമുലേഷൻസ് എം ഡി ദാമോദർ അവനൂർ, ടൈ കേരള എക്സിക്യൂട്ടീവ് ഡയറക്ടർ ദിവ്യ തലക്കലാത്ത് എന്നിവർ പങ്കാളികളായി. വിദ്യാർഥികളും യുവസംരംഭകരും ചർച്ചയിൽ പങ്കെടുത്തു.



സിഎംഎഫ്ആർഐയിൽ നടന്ന ഗുണഭോക്തൃ ചർച്ച ലക്ഷദ്വീപ് ഫിഷറീസ് സെക്രട്ടറി രാജ് തിലക് ഐ.എഫ്.എസ് ഉദ്ഘാടനം ചെയ്യുന്നു.

# ലക്ഷദ്വീപിലെ വാർഷിക ചൂര ഉൽപാദനം 50,000 ടണ്ണായി ഉയർത്തും

**കൊച്ചി:** ലക്ഷദ്വീപിലെ വാർഷിക ചൂര (ട്യൂണ) ഉൽപാദനം അടുത്ത അഞ്ചു വർഷത്തിനുള്ളിൽ 50,000 ടണ്ണായി ഉയർത്തുന്നതുൾപ്പെടെയുള്ള പദ്ധതികളുമായി ദ്വീപ് മത്സ്യമേഖലയുടെ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറായി.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടന്ന സംയുക്ത ഗുണഭോക്തൃ ചർച്ചയിലാണ് മാസ്റ്റർ പ്ലാനിന് അന്തിമരൂപം നൽകിയത്.

ചൂരപിടുത്തം നിലവിലുള്ളതിനേക്കാൾ ഇരട്ടിയലധികമാക്കാനാണ് ലക്ഷ്യമിടുന്നത്. ദ്വീപിലെ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഉപജീവനവും സാമ്പത്തികസ്ഥിതിയും മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള വിപുലമായ പദ്ധതികളാണ് മാസ്റ്റർ പ്ലാനിലുള്ള്ത്. ആഴക്കടൽ ചൂരപിടുത്തത്തിന്റെ വ്യാപനം, മാരികൾച്ചർ (കടൽ മത്സ്യകൃഷി), കടൽപ്പായൽ കൃഷി, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയവ ഇതിൽപെടും.

കേന്ദ്ര ഫിഷറീസ് വകുപ്പ്, ലക്ഷദ്വീപ് ഫിഷറീസ് വകുപ്പ്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ്, സിഎംഎഫ്ആർഐ, സിഫ്റ്റ്,, എംപിഇഡിഎ, സിഫ്നെറ്റ്, നിഫാറ്റ്, എഫ് എസ് ഐ എന്നിവയിലെ പ്രതിനിധികൾ, ലക്ഷദ്വീപിൽ നിന്നുള്ള മത്സ്യത്തൊഴിലാളികൾ, സംരംഭകർ, സഹകരണ സംഘം ഭാരവാഹികൾ എന്നിവരാണ് ചർച്ചയിൽ പങ്കെടുത്തത്. പ്രധാൻ മന്ത്രി മത്സ്യ സമ്പദ യോജന വഴി ഫണ്ട് കണ്ടെത്തിയായിരിക്കും പദ്ധതികൾ നടപ്പാക്കുക.

50 പുതിയ ആഴക്കടൽ ബോട്ടുകൾ, കടൽപ്പായൽ കൃഷി ദ്വീപിലെ ബ്ലൂ ഇക്കോണമി ശക്തിപ്പെടുത്തുന്നതിനായി നിരവധി നിർണായക നിർദ്ദേശങ്ങളാണ് പദ്ധതി മുന്നോട്ടുവെക്കുന്നത്:

24 മീറ്ററിൽ താഴെ നീളമുള്ള 50 പുതിയ ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ അനുവദിക്കും. 5 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ കടൽപ്പായൽ കൃഷി വ്യാപിപ്പിക്കും. വലിയതോതിൽ സമുദ്ര അലങ്കാര മത്സ്യങ്ങൾ വളർത്തുന്ന 10 മീഡിയം സ്കെയിൽ യൂണിറ്റുകൾ സ്ഥാപിക്കും. ദ്വീപുകളിലെ 4,200 ചതുരശ്ര കിലോമീറ്റർ വരുന്ന കായൽ (ലഗൂൺ) പരപ്പും 300ലധികം വൈവിധ്യമാർന്ന അലങ്കാര മത്സ്യങ്ങളുടെ സാന്നിധ്യവും ഇതിന് പ്രയോജനപ്പെടുത്തും.

ലക്ഷദ്വീപിൽ ടൂറിസം പദ്ധതികൾ വികസിക്കുന്ന പശ്ചാത്തലത്തിൽ സ്പോർട്സ് ഫിഷിംഗ്, വിനോദ മത്സ്യബന്ധന ബോട്ടുകൾ എന്നിവ പ്രോത്സാഹിപ്പിക്കും.

മത്സ്യബന്ധന മേഖലയുടെ നവീകരണത്തിനായി പുതിയ ബോട്ട് നിർമ്മാണ യാർഡുകൾ, അത്യാധുനിക കോൾഡ് സ്റ്റോറേജ് സൗകര്യങ്ങൾ, 50 മൂല്യവർദ്ധിത ഉൽപാദന യൂണിറ്റുകൾ, മത്സ്യ സംഭരണ യാനങ്ങൾ (മദർ വെസൽ), മെക്കാനിക്കൽ വർക്ഷോപ്പുകൾ എന്നിവ സ്ഥാപിക്കും. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ, കുടുംബശ്രീ മാതൃകയിലുള്ള സ്വയംസഹായ സംഘങ്ങൾ, വനിതാ സംരംഭകർ എന്നിവരെ സജീവ പങ്കാളികളാക്കിയായിരിക്കും വികസന പദ്ധതികൾ നടപ്പാക്കുക.

ലക്ഷദ്വീപ് ഫിഷറീസ് വികസനത്തിന്റെ നോഡൽ ഏജൻസിയായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത് സി.എം.എഫ്.ആർ.ഐയാണ്. അടുത്ത അഞ്ച് വർഷത്തേക്ക് മത്സ്യോൽപാദനം വർദ്ധിപ്പിക്കുന്നതിനായിരിക്കും ഭരണകൂടം പ്രഥമ പരിഗണന നൽകുകയെന്ന് യോഗം ഉദ്ഘാടനം ചെയ്ത ലക്ഷദ്വീപ് ഫിഷറീസ് സെക്രട്ടറി രാജ് തിലക് ഐ.എഫ്.എസ് പറഞ്ഞു.

ലക്ഷദ്വീപിന്റെ സമ്പന്നമായ സമുദ്രവിഭവങ്ങൾ ഇതുവരെ പൂർണ്ണമായി പ്രയോജനപ്പെടുത്തിയിട്ടില്ലെന്നും, അത്യാധുനിക സാങ്കേതിക സഹായത്തോടെ ഈ മേഖലയുടെ സുസ്ഥിര വികസനത്തിന് സി.എം.എഫ്.ആർ.ഐ നേതൃത്വം നൽകുമെന്നും അധ്യക്ഷത വഹിച്ച സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു.

കേന്ദ്ര ഫിഷറീസ് ഡെവലപ്മെന്റ് കമ്മിഷണർ ഡോ മുഹമ്മദ് കോയ, എൻഎഫ്ഡിബി സീനിയർ എക്സിക്യൂട്ടീവ് ഡോ കാഞ്ചി ഭാർഗവി തുടങ്ങിയവർ സംസാരിച്ചു.

# വന്ദേ ഭാരതം സംരംഭത്തിന് ആഗോളതലത്തിൽ വൻ പ്രതികരണം

**കൊച്ചി:** രാജ്യത്തെ അടുത്ത തലമുറയിലെ സംരംഭകരെയും നൂതനാശയക്കാരെയും കണ്ടെത്തി ശാക്തീകരിക്കുന്നതിനായി ആരംഭിച്ച വന്ദേ ഭാരതം എന്ന ദേശീയ സംരംഭത്തിന് രാജ്യത്തിനകത്തു നിന്നും പുറത്തു നിന്നും വൻ പ്രതികരണം ലഭിക്കുന്നു.

അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനിയുടെ 64ാം ജന്മദിനത്തോടനുബന്ധിച്ചാണ് ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്. ഇന്ത്യയിലെ 28 സംസ്ഥാനങ്ങളിൽ നിന്നും 8 കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നും ഇതിനകം തന്നെ പദ്ധതിയിലേക്ക് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിനുപുറമേ അമേരിക്ക, യുകെ, യുഎഇ, കാനഡ തുടങ്ങിയ വിദേശ രാജ്യങ്ങളിൽ നിന്ന് ലഭിക്കുന്ന പങ്കാളിത്തം ഈ പദ്ധതിയുടെ ആഗോള ജനപ്രീതി വ്യക്തമാക്കുന്നു.

ഭാവിയിലെ കണ്ടുപിടുത്തങ്ങളെ സ്വാധീനിക്കുന്ന ടെക്നോളജി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡീപ് ടെക്നോളജി എന്നീ മേഖലകളിൽ നിന്നാണ് ഏറ്റവും കൂടുതൽ അപേക്ഷകൾ ലഭിച്ചിരിക്കുന്നത്.

വിവിധ വ്യവസായങ്ങളിലെയും സമൂഹങ്ങളിലെയും യഥാർത്ഥ വെല്ലുവിളികൾ പരിഹരിക്കാൻ സഹായിക്കുന്ന ഒട്ടനവധി വേറിട്ട ആശയങ്ങളാണ് ഈ വിഭാഗത്തിൽ ലഭിച്ചിരിക്കുന്നത്.

ഇവ കൂടാതെ കൃഷി, ഭക്ഷ്യഗ്രാമീണ സമ്പദ്വ്യവസ്ഥ, ആരോഗ്യം, ഫാർമ, വിദ്യാഭ്യാസം, റീട്ടെയിൽ, കൊമേഴ്സ്, മാനുഫാക്ചറിംഗ് & ഇൻഡസ്ട്രി 4.0 തുടങ്ങിയ പ്രധാന സാമ്പത്തിക മേഖലകളിൽ നിന്നും വിപുലമായ പങ്കാളിത്തമുണ്ട്. വനിതാ സംരംഭകർ, ഗ്രാമീണ മാറ്റങ്ങൾക്ക് നേതൃത്വം നൽകുന്നവർ, സുസ്ഥിര വികസനത്തിന് മുൻഗണന നൽകുന്ന നൂതനാശയക്കാർ എന്നിവരുടെ ശക്തമായ സാന്നിധ്യം ഈ സംരംഭത്തിന്റെ പ്രത്യേകതയാണ്.



## രാജ്യത്ത് ഇലക്ട്രിക് വാഹനവിപണി കുതിപ്പിൽ

# ഇ-സ്കൂട്ടറുകൾ ആദ്യമായി 10% വിപണി വിഹിതം കടന്നു, പാസഞ്ചർ ഇവി വിൽപ്പന ഇരട്ടിയായി

**ന്യൂഡൽഹി:** രാജ്യത്തെ ഇലക്ട്രിക് വാഹന (ഇവി) വിപണി ജൂണിൽ ശക്തമായ വളർച്ച രേഖപ്പെടുത്തി. ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾ ആദ്യമായി മൊത്തം ഇരുചക്ര വാഹന വിപണിയുടെ 10 ശതമാനത്തിലധികം വിഹിതം സ്വന്തമാക്കിയപ്പോൾ, പാസഞ്ചർ ഇലക്ട്രിക് വാഹനങ്ങളുടെ വിൽപ്പനയും കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഇരട്ടിയിലധികം ഉയർന്നു. ഫെഡറേഷൻ ഓഫ് ഓട്ടോമൊബൈൽ ഡീലേഴ്സ് അസോസിയേഷൻ (എഫ്എഡിഎ) പുറത്തുവിട്ട ജൂൺ റീട്ടെയിൽ കണക്കുകളിലാണ് ഇത് വ്യക്തമാക്കുന്നത്.



ഇന്ത്യൻ വിപണിയിൽ ഇ-ടു വീലറുകൾ ആദ്യമായാണ് ഇരട്ട അക്ക വിപണി വിഹിതം നേടുന്നത് ജൂണിൽ രാജ്യത്ത് 31,823 പാസഞ്ചർ ഇലക്ട്രിക് വാഹനങ്ങളാണ് രജിസ്റ്റർ ചെയ്തത്. കഴിഞ്ഞ വർഷം ജൂണിലെ 15,318 യൂണിറ്റിനെ അപേക്ഷിച്ച് ഇത് 107.75 ശതമാനം വളർച്ചയാണ്. മേയിൽ 26,682 യൂണിറ്റായിരുന്നത് ജൂണിൽ 19.27 ശതമാനം വർധിച്ചു. ഇതോടെ പാസഞ്ചർ വാഹന വിപണിയിലെ ഇലക്ട്രിക് വാഹനങ്ങളുടെ വിഹിതം 4.8 ശതമാനത്തിൽ നിന്ന് 7.7 ശതമാനമായി ഉയർന്നു. മേയിൽ ഇത് 6.6 ശതമാനമായിരുന്നു.

പാസഞ്ചർ ഇവി വിഭാഗത്തിൽ ടാറ്റ മോട്ടോഴ്സ് 12,187 യൂണിറ്റുമായി ഒന്നാം സ്ഥാനവും മഹീന്ദ്ര 7,766 യൂണിറ്റുമായി രണ്ടാം സ്ഥാനവും നിലനിർത്തി. ജെഎസ്ഡബ്ല്യു എംജി മോട്ടോർ 5,861യൂണിറ്റുമായി മൂന്നാം സ്ഥാനത്തെത്തി. ടാറ്റയും മഹീന്ദ്രയും യഥാക്രമം 126.73 ശതമാനവും 121.06 ശതമാനവും വാർഷിക വളർച്ച കൈവരിച്ചു.ഇലക്ട്രിക് ഇരുചക്ര വാഹന വിപണിയിലും വൻ മുന്നേറ്റമാണ് രേഖപ്പെടുത്തിയത്. ജൂണിൽ 1,93,735 ഇ-ടു വീലറുകളാണ് വിറ്റഴിഞ്ഞത്. ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 74.98 ശതമാനം വർധനയാണ്. മൊത്തം ഇരുചക്ര വാഹന വിപണിയിലെ ഇലക്ട്രിക് വാഹനങ്ങളുടെ വിഹിതം 7 ശതമാനത്തിൽ നിന്ന് 10.6 ശതമാനമായി ഉയർന്നു.ഇടു വീലർ വിഭാഗത്തിൽ ടിവിഎസ് മോട്ടർ 47,064 യൂണിറ്റുമായി ഒന്നാം സ്ഥാനവും ബജാജ് ഓട്ടോ 43,306 യൂണിറ്റുമായി രണ്ടാം സ്ഥാനവും ഏഥർ എനർജി 31,230 യൂണിറ്റുമായി മൂന്നാം സ്ഥാനവും നേടി. ഹീറോ മോട്ടോകോർപ്പ് 175.51 ശതമാനത്തിന്റെ ഏറ്റവും ഉയർന്ന വാർഷിക വളർച്ച കൈവരിച്ചപ്പോൾ, ഒല ഇലക്ട്രിക് മാത്രമാണ് മുൻ വർഷത്തേക്കാൾ 21.97 ശതമാനം ഇടിവ് രേഖപ്പെടുത്തിയത്. ഇലക്ട്രിക് ഓട്ടോറിക്ഷ ഉൾപ്പെടുന്ന മൂന്നു ചക്ര വാഹന വിഭാഗവും ശക്തമായ വളർച്ച രേഖപ്പെടുത്തി. ജൂണിൽ 77,448 ഇലക്ട്രിക് ത്രീവീലറുകൾ രജിസ്റ്റർ ചെയ്യപ്പെട്ടത് കഴിഞ്ഞ വർഷത്തേക്കാൾ 27.38 ശതമാനം കൂടുതലാണ്. മൊത്തം ത്രീവീലർ വിപണിയിൽ ഇവിയുടെ വിഹിതം 64.1 ശതമാനമായി തുടരുന്നു. മഹീന്ദ്ര ഗ്രൂപ്പാണ് 12,838 യൂണിറ്റുമായി ഈ വിഭാഗത്തിൽ മുന്നിലുള്ളത്. ഇന്ധനവില വർധനയും പ്രവർത്തന ച്ചെലവ് കുറവുള്ള വാഹനങ്ങളിലേക്കുള്ള ഉപഭോക്താക്കളുടെ താൽപര്യവും കാരണം വൈദ്യുത, സിഎൻജി, ഹൈബ്രിഡ് വാഹനങ്ങളുടെ ആവശ്യകത വർധിച്ചെന്നാണ് എഫ്എഡിഎ വിലയിരുത്തുന്നത്.



# 50 ശതമാനം വിലക്കുറവുമായി ലുലു ഓൺ സെയിൽ ആസ്വദിക്കാം

**കൊച്ചി:** 50 ശതമാനം വിലക്കുറവുമായി ലുലുമാളിൽ ആരംഭിക്കുന്ന ഈ വർഷത്തെ ലുലു ഓൺ സെയിലിന് തുടക്കമായി. ഇന്നു മുതൽ 12 വരെയുള്ള നാല് ദിവസങ്ങളിലാണ് ലുലു ഓൺ സെയിൽ നടക്കുക. ലുലു മാളിലെ അഞ്ഞൂറിലധികം അന്താരാഷ്ട്ര ബ്രാൻഡുകൾ ഓഫർ മേളയുടെ ഭാഗമാകും. ലുലു ഹാപ്പിനസ് ലോയലിറ്റി ആപ്പ് അംഗങ്ങൾക്ക് ഏർലി ആക്സസ് വഴി വിലക്കിഴിവ് ഷോപ്പിങ് ആസ്വദിക്കാനാകും. മെഗാ സെയിൽ ദിവസങ്ങളിൽ മാൾ രാവിലെ 8 മണി മുതൽ പുലർച്ചെ 2 മണി വരെ തുറന്ന് പ്രവർത്തിക്കും. പ്രമുഖ ബ്രാൻഡുകളുടെ ഫാഷൻ തുണിത്തരങ്ങൾ, ലൈഫ് സ്റ്റൈൽ ഉത്പന്നങ്ങൾ എന്നിവയെല്ലാം 50 ശതമാനം വിലക്കുറവിൽ സ്വന്തമാക്കാം. എൻഡ് ഓഫ് സീസൺ സെയിലിന്റെ ഭാഗമായി ലുലു ഫാഷൻ സ്റ്റോറിൽ വിവിധ ബ്രാൻഡഡ് തുണിത്തരങ്ങൾക്ക് 50 ശതമാനം വരെ ഓഫറുണ്ട്. ലുലു ഹൈപ്പർമാർക്കറ്റ്, ലുലു ഫാഷൻ, ലുലു കണക്ട് എന്നിവയിലെല്ലാം വിലക്കുറവുണ്ട്. ലുലു കണക്ടിൽ ടിവി, ഫ്രിഡ്ജ്, മൊബൈൽ ഫോൺ, ലാപ്ടോപ്പ്, വാഷിങ്ങ് മെഷിൻ, മറ്റ് ഗൃഹോപകരണങ്ങൾ എന്നിവയും ആകർഷകമായ കിഴിവിൽ വാങ്ങാം. നാല് ദിവസം നീണ്ടുനിൽക്കുന്ന മെഗാ സെയിലിനോട് അനുബന്ധിച്ച് ലുലു മാളിൽ വിപുലമായ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ഉപഭോക്താക്കളുടെ യാത്ര സുഗമമാക്കുന്നതിനായി കൊച്ചി മെട്രോ സർവീസുകൾ രാത്രി 12:15 വരെ അധിക സർവീസുകൾ നടത്തും. കൂടാതെ മാളിൽ എത്തുന്ന വാഹനങ്ങൾക്കായി പ്രത്യേക പാർക്കിങ് ക്രമീകരണങ്ങളും അധിക സുരക്ഷാ ജീവനക്കാരെയും വിന്യസിച്ചിട്ടുണ്ട്. മരടിലെ ലുലു ഡെയ്‌ലിയിലും ഓഫർ വിൽപ്പന നടക്കും. ലുലു ഓൺ സെയിൽ ഓഫർ വിൽപ്പന നിബന്ധനകൾക്ക് വിധേയമായിരിക്കും.

manipalhospitals
LIFE'S ON

# മണിപ്പാൽ ഹെൽത്ത് എന്റർപ്രൈസസ് ഐപിഒയ്ക്ക്

**കൊച്ചി:** രാജ്യത്തെ പ്രമുഖ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ശൃംഖലയായ മണിപ്പാൽ ഹെൽത്ത് എന്റർപ്രൈസസ് ലിമിറ്റഡ് പ്രാരംഭ ഓഹരി വിൽപനയ്ക്ക് തയ്യാറെടുക്കുന്നു. ഇതുസംബന്ധിച്ച അനുമതി മൂലധന വിപണി നിയന്ത്രണ ഏജൻസിയായ സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയിൽനിന്നും (സെബി) ലഭിച്ചതായി മണിപ്പാൽ ഹെൽത്ത് എന്റർപ്രൈസസ് അറിയിച്ചു. ആഗോള വൻകിട നിക്ഷേപകരായ ടിപിജി എസ്ജി മാഗസിൻ പ്രൈവറ്റ് ലിമിറ്റഡ്, സെവന്റി സെക്കന്റ് ഇൻവസ്റ്റ്മെന്റ് കമ്പനി എൽഎൽസി, അമ്മാർ സെൻഡ്രിയൻ ബെറാഡ്, നോവോ ഹോൾഡിങ്സ് ഇൻവസ്റ്റ് ഏഷ്യ, ഫോണിക്സ് ബിയർ ഇൻവസ്റ്റ്മെന്റ് എൽഎൽസി എന്നിവർക്കുപുറമെ ഹോസ്പിറ്റൽ പ്രമോട്ടർമാരായ ഇംപീരിയസ് ഹെൽത്ത്കെയർ ഇൻവസ്റ്റ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ്, മണിപ്പാൽ എജ്യുക്കേഷൻ ആൻഡ് മെഡിക്കൽ ഗ്രൂപ്പ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്നിവരുടെ പക്കലുള്ള 4.32 കോടി ഓഹരികൾ ഓഫർ ഫോർ സെയിൽ മുഖേന വിറ്റഴിക്കും. ഇതിനുപുറമെ 8000 കോടി രൂപയുടെ പുതിയ ഓഹരി വിൽപനയും ഐപിഒയിലൂടെ നടത്തുമെന്ന് മണിപ്പാൽ ഹെൽത്ത് എന്റർപ്രൈസസ് അറിയിച്ചു. ഫ്രഷ് ഇഷ്യുവിലൂടെ ലഭിക്കുന്ന തുകയിൽ 5378 കോടി രൂപ കമ്പനിയുടെ പ്രധാന വിഭാഗമായ മണിപ്പാൽ ഹോസ്പിറ്റൽസ് പ്രൈവറ്റ് ലിമിറ്റഡിന്റെ വായ്പാ തിരിച്ചടവിനായി നീക്കിവെക്കും. 574 കോടി രൂപ സഹ്യാദ്രി ഹോസ്പിറ്റൽസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഓഹരി ഏറ്റെടുക്കലിനായും തുടർന്നുള്ളത് കമ്പനിയുടെ പൊതു ആവശ്യത്തിനായും ഉപയോഗപ്പെടുത്തുമെന്ന് മണിപ്പാൽ ഹെൽത്ത് എന്റർപ്രൈസസ് പുറത്തിറക്കിയ പത്രക്കുറിപ്പിൽ അറിയിച്ചു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com